# MAN IN THE MIRROR



സ്വന്തം ഡ്യൂപ്പും പാരഡിയുമായി മാറുക എന്ന ദുരന്തത്തിന് ഇരയായ **മൈക്കിൾ ജാക്സൺ** എന്ന പ്രതിഭയെ മാഞ്ചസ്റ്ററിൽ നിന്നും ഡോ. പി.വി. രാമചന്ദ്രൻ വിലയിരുത്തുന്നു



ഡോ. പി.വി. രാമചന്ദ്രൻ

“നമുക്ക് മൈക്കിൾ ജാക്സണെ സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്യാം. അല്ലെങ്കിൽ ഒരേസമയത്തോ മാറിമാറിയോ രണ്ടുംകൂടിചെയ്യാം. പക്ഷേ, മൈക്കിൾ അല്ലെങ്കിൽ ആരാധകരുടെ ജാക്കോ മൂന്നു തലമുറകൾക്കുമാത്രമല്ല, വരാനിരിക്കുന്ന തലമുറകൾക്കുകൂടി സ്വകാര്യമായ അഹങ്കാരത്തോടെ എടുത്തോമനിക്കാനുള്ള സൗഭാഗ്യങ്ങളിലൊന്നാണ്. മാർട്ടിൻ ലൂതറെയോ മഹാത്മാഗാന്ധിയെയോ പോലെ, മാർക്സിനെയോ മണ്ടേലയെയോ മദർ തെരേസയെയൊപോലെ, വാൻഗോഗിനെയോ പികാസോവിനെയോ പോലെ, ദസ്തയെവ്സ്കിയെയോ മോപ്പസാങ്ങിനെയോ പോലെ, എൽവിസ് പ്രിസ്‌ലിയെയോ ഉസ്താദ് ബിസ്മില്ലാഖാനെയോ പോലെ, മലയാളിയുടെ മാധവിക്കുട്ടിയെപ്പോലെ, അന്യഥാ ഒരു വിശേഷവുമില്ലാത്ത ജീവിതം നയിക്കുന്ന കോടാനുകോടി ഭൂമിവാസികൾക്ക് തലയെടുപ്പോടെ ഉയർത്തിപ്പിടിക്കാനുള്ള കൊടിക്കൂറകളിലൊന്ന്.”

മൈക്കിൾ ജാക്സൺ നാമാവശേഷനായ ദിവസം ഒരു നാല്പതുകാരന്റെ ഇ-മെയിൽ ഔട്ട് ബോക്സിൽനിന്ന് പറന്നുവന്ന ഈ കുറിപ്പ് ആ ജീവിതം ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ചുറ്റിലുമുള്ളവരിൽ സൃഷ്ടിച്ച അനുരണനങ്ങൾക്ക് സാക്ഷ്യപത്രമായി നമുക്ക് വായിച്ചെടുക്കാം.

–1983. സ്കൂൾ വാർഷികത്തിന് ഒരു പുതിയ ഇനം കണ്ടു. ബ്രെയിക്ക് ഡാൻസ്. ‘ത്രില്ലർ’ എന്നായിരുന്നു അതിന്റെ പേര്. അങ്ങനെയൊന്ന് ഒരു പതിമ്മൂന്നുകാരൻ ആദ്യമായി കാണുകയാണ്. എന്തോ പ്രത്യേകത തോന്നി.

–1987. എം.സി.സി. ബാങ്കിനും മനോഹർ ആശുപത്രിക്കും മുന്നിലായുള്ള കാസറ്റ് കടയിൽ ചുവരിലൊട്ടിച്ചിരിക്കുന്ന വലിയ ബ്ലോഅപ്പുകൾ കൊതിയോടെ നോക്കി വെള്ളമിറക്കാനേ ആവുമായിരുന്നുള്ളൂ. ഒരു ബി.എം.ജി. കാസറ്റിനുള്ള 36 രൂപ എങ്ങനെയൊപ്പിക്കാൻ?

–1991. ഇരുപത്തൊന്നാം വയസ്സിൽ അച്ഛനും അമ്മയും തന്ന ജന്മദിനസമ്മാനം ഡേയ്ഞ്ചറസ് എന്ന മൈക്കിൾ ജാക്സൺ ആൽബമായിരുന്നു.

1994. ഒരു ഹോസ്റ്റൽ ഡെ പാർട്ടി. മൈക്കിൾ ജാക്സന്റെ അകമ്പടിയോടെ എല്ലാവരും ഡാൻസ് ചെയ്യുന്നു. മലയാളി സ്റ്റൈലിൽ തോർത്തുമുണ്ട് തലയിൽ കെട്ടി മുണ്ട് മാടിക്കുത്തിയിട്ടും ചുവടുകൾ പാകം. താളം തെറ്റുന്നില്ല.

2009. 11 വയസ്സുകാരിയായ മകളും 5 വയസ്സുകാരനായ മകനും മൈക്കിൾ ജാക്സണെ ആദ്യമായി കണ്ടെത്തുന്നു. അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ടവ ഏതെന്നോ? റിമെമ്പർ ദ ടൈം... പിന്നെ ത്രില്ലർ!

ഇതെഴുതുന്ന അമ്പത്തേഴുകാരന്റെ ഒരു മൈക്കിൾ ജാക്സൺ ഓർമ. 1983 ത്രില്ലർ വർഷംതന്നെ. കോട്ടയം മെഡിക്കൽ കോളേജിൽ ഹൗസ് സർജന്മാരോടൊപ്പം താമസിക്കുന്ന ഒരു യുവ അധ്യാപകൻ. മാതൃഭൂമിയിൽ രണ്ടാമൂഴം പ്രസിദ്ധീകരിക്കുന്ന കാലം. ഒന്നുകൂടി ഗ്ലാമർ വർധിച്ച എം.ടി.യുടെ കോളേജ് ഡേ പ്രസംഗം കേൾക്കാൻ പതിവിലേറെ കാത്കൂർപ്പിച്ച് കുട്ടികൾ. മൈക്കിൾ ജാക്സണെപ്പറ്റി എം.ടി. എന്തോ പറഞ്ഞു. മ്യൂസിക്ക് വിഡിയോകൾ എല്ലാവർക്കും പ്രാപ്യമായിത്തുടങ്ങിയിട്ടില്ല. ഇന്റർനെറ്റും യൂട്യൂബും ഇല്ലാത്ത കാലം. വിവരസാങ്കേതികതയോ വിവരാവകാശനിയമമോ വളർന്നിട്ടില്ല. കറുപ്പിന്റെ ഓജസ്സിന്റെയും അജയ്യമായ നിലനില്പിനുള്ള വാഞ്ഛയുടെയും പ്രതീകമായി ആ ചെറുപ്പക്കാരൻ മനസ്സിൽ കയറിക്കൂടി. സ്ത്രൈണഭാവങ്ങളുള്ള സ്വതവേ ലജ്ജാലുവായ ജാക്സണെ ഒരു വീഡിയോവിൽ കാണുന്നതുതന്നെ അതിനു ശേഷമാണ്. പിന്നെപ്പിന്നെ വെളുത്തുതുടങ്ങിയ ജാക്സണെയല്ലേ നമ്മൾ വെറുത്തത്. ആ കരുമാടിക്കുട്ടന്റെ സംഗീതത്തെയല്ലല്ലോ?



ഒരുകാലത്ത് എം.ടി.വി. തൊലിവെളുത്ത ഗായകരെ മാത്രമേ പ്രോത്സാഹിപ്പിച്ചിരുന്നുള്ളൂ. എം.ടി.വി. ആദ്യമായി അവതരിപ്പിച്ച കറുത്ത പാട്ടുകാരൻ ജാക്സൺ ആയിരുന്നു. ബില്ലിജീൻ, ബീറ്റ് ഇറ്റ് എന്നീ പ്രശസ്തമായ ആൽബങ്ങൾ എം.ടി.വി. ചാടിപ്പിടിക്കുകയായിരുന്നു എന്നു പറയാം.

കറുത്ത വർഗക്കാരൻ തിമർത്താടിയ ദശകങ്ങളാണ് പിന്നെ കണ്ടത്. മൈക്കിൾ ജാക്സൺ എപ്പോഴാണ് ശരിക്കും മരിക്കുക? (മൈക്കിൾ ജാക്സൺ എന്നേ മരിച്ചുവെന്നും കുറെക്കാലമായി കാണുന്നത് ഡ്യൂപ്പുകളെയാണെന്നും പലരും വിശ്വസിച്ചു. ഏറ്റവുമവസാനം ലണ്ടനിൽ അവതരിപ്പിക്കാനിരുന്ന പരിപാടി അനൗൺസ് ചെയ്യാൻ സ്റ്റേജിൽ വന്ന് കഷ്ടിച്ച് പത്തുപതിനഞ്ച് വാക്കുകൾ പറഞ്ഞത് ഡ്യൂപ്പ് ആണെന്ന് ഡെയ്‌ലി മെയിൽ തറപ്പിച്ചു പറഞ്ഞു!) എൽവിസ് പ്രിസ്‌ലിയുടെ മരണശേഷം അദ്ദേഹത്തിന്റെ എത്രയോ പുതിയ ആൽബങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. മൈക്കിൾ ജാക്സന്റെ അപ്രകാശിത ആൽബങ്ങൾ അതിലേറെ വരുമെന്ന് മരണാനന്തര വാർത്തകൾ. റിഹേഴ്സലുകളുടേത്, തർക്കങ്ങളും മറ്റും കാരണം റിക്കാർഡിങ്ങിനുശേഷം ഉപേക്ഷിക്കപ്പെട്ടവ ഇങ്ങനെ പലതും. ഉടമസ്ഥാവകാശ, വിതരണാവകാശ തർക്കങ്ങൾക്കു ശേഷം അവ പുറത്തിറങ്ങുമ്പോൾ എൽവിസ് പ്രിസ്‌ലിയെ കവച്ചുവെക്കുമെന്നാണ് പ്രവചനം. ഇപ്പോഴുള്ള ഗാനങ്ങളുടെ വില്പനയുടെ കാര്യം പറയാനുമില്ല. ജാക്സൺ മരിച്ച ആഴ്ച അമേരിക്കയിൽ മാത്രം 28 ലക്ഷം ജാക്സൺ ട്രാക്കുകൾ ഡൗൺ ലോഡ് ചെയ്യപ്പെടുകയുണ്ടായിപോലും.

1964-ൽ ജാക്സൺ 5 എന്ന കുട്ടിഗ്രൂപ്പിലെ ഏറ്റവും ഓമനത്തമുള്ള കുട്ടിയായി അഞ്ചു വയസ്സുകാരൻ പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടശേഷം, കഴിഞ്ഞ നാലര ദശകങ്ങളിൽ ആ പാട്ടും ചുവടും കേട്ടും കണ്ടും വളർന്ന മൂന്ന് തലമുറകളാണാദ്യം പരാമർശിക്കപ്പെട്ടത്. കലാകാരന്മാർ അങ്ങനെയാണ്. അവർ സ്ഥിരതാമസം മനുഷ്യമനസ്സുകളിലാണ്. അവർക്ക് പ്രായമാവുന്നില്ല. അവർ മൺമറയുന്നുമില്ല. പ്രത്യേകിച്ചും പാട്ടുകാരും നൃത്തക്കാരും. അവർ മരിച്ചാലും പുനർജനിച്ചുകൊണ്ടേയിരിക്കും. മറുലോകങ്ങളിൽനിന്നും അവരുടെ ശബ്ദവീചികൾ നമ്മെ തേടിയെത്തിക്കൊണ്ടേയിരിക്കും.

പെൺകുട്ടികൾ ക്ഷമിക്കുക. ഇക്കാര്യത്തിൽ പ്രകൃതിക്ക് ആൺകുട്ടികളോട്പ്രത്യേകമമതയുണ്ടെന്ന്തോന്നിപ്പോവും. ചരിത്രാതീത ഗ്രീസിൽ ഡയോണിസോസ് പാറക്കൂട്ടങ്ങൾക്കു മുകളിൽ ചുവടുവെച്ച നാളുകൾ മുതൽ പാട്ടും നൃത്തവും ആൺകുട്ടികളുടെ ഒരു മേഖലയായിരുന്നു. ആരാധകർ പലപ്പോഴും ഇണങ്ങുകയും പിണങ്ങുകയും ചെയ്ത മറ്റൊരു നർത്തകഗായക പ്രതിഭയായിരുന്ന ഓർഫിയൂസ് - മൈക്കിൾ ജാക്സണെപ്പോലെത്തന്നെ. ഡയോണിസോസ് മരിച്ചവരെയും ജീവിച്ചിരിക്കുന്നവരെയും തമ്മിൽ ബന്ധിപ്പിക്കുന്ന അഭൗമസംഗീതം ഭൂമിയിലേക്കു ഇറക്കിക്കൊണ്ടുവന്ന ആളാണെന്നാണ് സങ്കല്പം. ഒരു അർധനാരീശ്വരസങ്കല്പം. മൈക്കിൾ ജാക്സണും അതുതന്നേയായിരുന്നില്ലേ? ഓർഫിയൂസാണെങ്കിൽ തന്റെ സംഗീതംകൊണ്ട് പക്ഷികളെയും മത്സ്യങ്ങളെയും വന്യമൃഗങ്ങളെയും പാറക്കെട്ടുകളെയും നൃത്തം ചെയ്യിച്ച ആളായിരുന്നുപോലും. ആരാധകർ ഒരിക്കൽ പിണങ്ങി ഓർഫിയൂസിനെതിരെ കല്ലുകളും വൃക്ഷക്കൊമ്പുകളും വലിച്ചെറിഞ്ഞപ്പോൾ അവ ഓർഫിയൂസിന് കൊണ്ടില്ല എന്നാണ് കഥ. കാരണം, അവ അതിന് വിസമ്മതിച്ചുപോലും. മൈക്കിൾ ജാക്സൺ ആരാധകരും ഈ ലോകവും ജാക്സണോട് പിണങ്ങിയപ്പോഴും ആ സംഗീതത്തിലും നൃത്തത്തിലും മുഗ്ധരായി ആ ഒരിക്കലും വളരാത്ത കുട്ടിയെ സ്നേഹിച്ചു എന്നതാണ് സത്യം. ഒരു സാധാരണ ജീവിതം അങ്ങനെയൊരാൾക്ക് ഈ കാലത്ത് പറഞ്ഞിട്ടില്ല. സ്വന്തം സൃഷ്ടിപരത ദിനേന ചോർന്നുപോയിക്കൊണ്ടിരിക്കേ, സ്വന്തം ഡ്യൂപ്പും പാരഡിയുമായി മാറുക എന്ന അനിവാര്യദുരന്തമേ മൈക്കിൾ ജാക്സൺ എന്ന പഞ്ചഭൂതാത്മക ശരീരത്തിനും സംഭവിച്ചിട്ടുള്ളൂ. ഭൗതികമരണത്തിലൂടെ അവർ അനശ്വരരായി പുനർജനിക്കുമെന്നാണ് ഡയോണിസോസിന്റെ കാലം മുതൽ ചരിത്രം നമ്മോട് പറയുന്നത്.

**മൈക്കിൾ ജാക്സൺ എന്നേ മരിച്ചുവെന്നും കുറെക്കാലമായി കാണുന്നത് ഡ്യൂപ്പുകളെയാണെന്നും പലരും വിശ്വസിച്ചു. ഏറ്റവുമവസാനം ലണ്ടനിൽ അവതരിപ്പിക്കാനിരുന്ന പരിപാടി അനൗൺസ് ചെയ്യാൻ സ്റ്റേജിൽ വന്ന് കഷ്ടിച്ച് പത്തുപതിനഞ്ച് വാക്കുകൾ പറഞ്ഞത് ഡ്യൂപ്പ് ആണെന്ന് ഡെയ്‌ലി മെയിൽ തറപ്പിച്ചു പറഞ്ഞു!**



സ്വന്തം ജീവിതത്തെ ഒരിക്കലും സ്വന്തം നിയന്ത്രണത്തിൽ കൊണ്ടുവരാൻ കഴിയാത്ത ഒരു നിത്യഹരിത ദുരന്ത നായകനായിട്ടായിരിക്കും ചരിത്രം മൈക്കിൾ ജാക്സണെ കാണുക. കളിചിരികളും കൗതുകങ്ങളും നിഷേധിക്കപ്പെട്ട ഒരു ബാല്യം. അഞ്ചാം വയസ്സ് മുതൽ അരങ്ങിലെ വെള്ളിവെളിച്ചത്തിൽ പ്രതിഭയ്ക്ക് മൂർച്ച വരുത്താനായി പീഡിപ്പിക്കുമായിരുന്ന ഒരു പിതാവ്. ശാരീരികമായി മാത്രമല്ല, മാനസികമായും. ഏറെ ഓമനത്തമു

ണ്ടായിരുന്ന ആ മുഖം ഒന്നിനും കൊള്ളില്ലെന്നായിരുന്നു അച്ഛന്റെ അഭിപ്രായം. പിൽക്കാലത്ത് പ്ലാസ്റ്റിക് സർജറി ചെയ്ത് രൂപപരിണാമം വരുത്താനൊക്കെ സംഗീതമല്ലാതെ മറ്റൊന്നും പഠിച്ചിട്ടില്ലാത്ത ആ കുട്ടിയെ പ്രേരിപ്പിച്ചത് ആ കോംപ്ലക്സ് ആയിരുന്നുപോലും. ഇതൊക്കെയാണെങ്കിലും എൺപതുകളിൽ അപ്രതിരോധ്യമായ ഒരഗ്നിജ്വാലയായിത്തന്നെ സർവഭൂഖണ്ഡങ്ങളിലും ആ പ്രതിഭ കത്തിപ്പടർന്നു. പരിസ്ഥിതിവാദം ചുവടുറപ്പിക്കും മുൻപാണ് ലോകത്തെ പിടിച്ചുകുലുക്കിയ song earth വരുന്നത്. മണ്ടേല ജെയിൽ മോചിതനാവും മുൻപാണ് mirror of the man ഉണ്ടാവുന്നത്. ഏറ്റവുമധികം ലോകത്തിൽ വിറ്റഴിക്കപ്പെട്ട ആൽബം-ഇന്നും വിറ്റുപോകുന്നതും-'ത്രില്ലർ' ആണെങ്കിലും അമേരിക്കയ്ക്കു പുറത്തുള്ള ലോകത്ത് ജാക്സൺ പ്രിയങ്കരനായത് ഒട്ടേറെ ചെറിയ മ്യൂസിക് വീഡിയോകളിലൂടെ




യാണ്. ജാക്സന്റെ മരണത്തെ മറ്റൊരു വിജയമായി കാണുന്ന ആരാധകരുണ്ട്. നരച്ച താടിമീശകൾ വളരാനനുവദിക്കാതെ, ശബ്ദത്തിന്റെ വിറയാർന്ന കുട്ടിത്തം കൈവിടാതെ, താൻ ചെയ്യാമെന്നേറ്റതും ചെയ്യാനാവുമെന്ന് കടുത്ത ആരാധകർക്കുപോലും ഉറപ്പില്ലാതിരുന്നതുമായ ലണ്ടനിൽ നിശ്ചയിക്കപ്പെട്ടിരുന്ന അമ്പത് ദിവസം നീളുന്ന സംഗീതനിശകൾക്ക് കാത്തുനിൽക്കാതെ ജാക്സൺ എന്ന പക്ഷി ഭൂമിയിൽനിന്നും ചിറകടിച്ച് പറന്നുപോവുകയായിരുന്നുപോലും! എങ്കിലും ഇലക്ട്രോണിക് മാധ്യമങ്ങൾക്കും ഇന്റർനെറ്റിനും ആയുസ്സുള്ളിടത്തോളം നിലനിൽക്കാൻ പോകുന്ന സംഗീത വിസ്മയങ്ങളിൽ ജാക്സന്റെ ഒരുപിടി ആൽബങ്ങളും ഉണ്ടാവാതിരിക്കില്ല. വാസ്തവത്തിൽ മൈക്കിൾ ജാക്സന്റെ പ്രതിഭ ഉറങ്ങിക്കഴിഞ്ഞിട്ട് രണ്ടു ദശകങ്ങളോളം ആയി. തീരെ ചെറുപ്പത്തിൽ പ്രതിഭയുയർന്ന് പ്രകാശിക്കുന്ന ഗോപുരങ്ങളൊക്കെ തുടർന്ന് ജീവിച്ചിരിക്കുകയാണെങ്കിൽ പ്രതിഭ വറ്റിപ്പോവുന്നതിന് ചരിത്രം സാക്ഷിയാണ്. കായികലോകത്ത് വാർധക്യത്തിന്റെ ജേഴ്സി എടുത്തണിയുന്നത് മുപ്പതുകളിലല്ലേ? പക്ഷേ, അവിടെ ആരാധകർ അവരെ മാന്യമായി യാത്ര അയയ്ക്കുന്നു. അവർക്ക് പലർക്കും അന്തസ്സോടെയാണ് വയസ്സാവുന്നതെന്ന്, ഇക്കഴിഞ്ഞ വിംബിൾഡൺ ഫൈനലിൽ റോയൻ ബോക്സിൻ റോഡ് ലെയിവറെയും ബിയോൺ ബോർഗിനെയും ഇലി നസ്താസെയെയും മാനുവൽ സൻടാനയെയുമൊക്കെ കണ്ടപ്പോൾ മനസ്സിലായി. പക്ഷേ, കലാകാരന്മാർക്കാ സൗഭാഗ്യം വിധിച്ചിട്ടില്ല. അവരിൽ ഭൂരിപക്ഷവും സ്വരം നല്ലപ്പോൾ പാട്ട് നിർത്താനാകാതെ പാടിപ്പാടി അലഞ്ഞതാണ് ചരിത്രം.

അലസിപ്പോയ തന്റെ ബാല്യത്തെക്കുറിച്ചുള്ള നഷ്ടബോധമാണ് ജാക്സണെ തന്റെ മേൽ ആരോപിക്കപ്പെട്ട 'പീഡോഫിലിയ' ആരോപണങ്ങളിലേക്കെത്തിച്ചത്-അവ പൂർണമായും തെറ്റായാലും ശരിയായാലും സത്യം രണ്ടിനും ഇടയിലെവിടെയോ ആണെന്നിരുന്നാലും ചെറിയ കുട്ടികൾ അത്ഭുതപ്പെടുത്തുന്ന സുഹൃത്തുക്കളാണെന്നു പറഞ്ഞ ജാക്സൺ അവരോടൊത്ത് സമയം ചെലവാക്കുന്നതിലും ഒരേ കിടക്കയിൽ കിടന്നുറങ്ങുന്നതിലും എന്താണ് തെറ്റ് എന്നു ഒരിക്കലും മുതിരാത്ത നിഷ്കളങ്കനായ ഒരു കുട്ടിയെപ്പോലെ ചോദിച്ചിട്ടുണ്ട്. 24 മണിക്കൂറും പാപ്പരാസികൾ പിറകേ നടക്കുന്ന, പ്രശസ്തിക്ക് വലിയ വില കൊടുക്കേണ്ടിവരുന്ന ആധുനികകാലത്തെ ഹൃദയശൂന്യമായ അച്ചടിദൃശ്യമാധ്യമയാഥാർഥ്യങ്ങളുടെ കാലത്ത്, 24 മണിക്കൂർ വാർത്താചാനലുകളും പരദൂഷണവ്യവസായവും അരങ്ങ് വാഴുന്ന കാലത്ത് മറ്റൊരു വിധി ജാക്സണ് സാധ്യമാവുമായിരുന്നില്ല. ക്യാമറയ്ക്കു മുന്നിൽ വെള്ളിവെളിച്ചത്തിൽ നിൽക്കുന്നതാണ് ഏറ്റവും വലിയ അഭിമാനമുഹൂർത്തമെന്ന് കരുതുന്ന രക്ഷിതാക്കളും അതിനെ അരോചകമാംവണ്ണം മഹത്ത്വവത്ക്കരിക്കുന്ന വിധികർത്താക്കളും നമ്മുടെ നാട്ടിലും നിറയുന്ന ഈ കാലത്ത് കുട്ടികളുടെ മനസ്സിന്റെ സമ്മർദങ്ങൾക്ക് ആരെങ്കിലും കാതോർക്കാറുണ്ടോ? ജാക്സണെപ്പോലെ ബാല്യം നിഷേധിക്കപ്പെട്ട ഒരു കുട്ടി പ്രശസ്തിയുടെ-അതേത് തരത്തിലുള്ളതായാലും-മരീചികയ്ക്കു പിറകെ ലക്കും ലഗാനുമില്ലാതെ ഓടിയതിന് മറ്റൊരു ന്യായീകരണവുമില്ല. പ്രശസ്തിയല്ലാതെ മറ്റൊന്നും അങ്ങനെയൊരാൾക്ക് കാംക്ഷിക്കാനില്ലെന്നതാണ് സത്യം. പണവും സുഖസൗകര്യങ്ങളും വേണ്ടുവോളമുണ്ടല്ലോ. മ്യൂണിച്ചിലെ ഹോട്ടൽ മുറിയുടെ ബാൽക്കണിയിൽനിന്ന് തന്റെ കൊച്ചുകുഞ്ഞിനെ തൂക്കിപ്പിടിച്ച് ആരാധകരെ അമ്പരപ്പിച്ചതും തനിക്ക് വിശ്വസിച്ച് സ്നേഹിക്കാൻ പറ്റിയത് ബബ്ബിൾ എന്ന ചിമ്പാൻസി മാത്രമാണെന്ന് വേദനയോടെ മനസ്സിലാക്കുന്നതും മൈക്കിൾ ജാക്സൺ എന്ന ഒരിക്കലും വളരാത്ത ആ കുട്ടിതന്നെയാണ്. അവസാനകാലത്ത് ഏതാണ്ട് തന്റേതല്ലാതായി മാറിയ നെവർലാൻഡ് റാഞ്ച് എന്ന വിഭ്രാത്മകലോകത്ത് ജാക്സൺ തനിച്ചായിരുന്നെന്നു തന്നെ പറയാം. ഈ ഭൂമിയിൽ കുട്ടികളുണ്ടായിരുന്നില്ലെങ്കിൽ തന്റെ നിലനില്പിനുതന്നെ ന്യായീകരണമുണ്ടാവുമായിരുന്നില്ല എന്ന് മൈക്കിൾ ജാക്സൺ പറഞ്ഞിട്ടുണ്ട്. ഇടയ്ക്കെപ്പോഴോ, ഓരോ ഭൂഖണ്ഡത്തിൽനിന്നും ഓരോ ആൺകുട്ടിയേയും പെൺകുട്ടിയേയും വീതം ദത്തെടുക്കാനും ജാക്സണ് പരിപാടിയുണ്ടായിരുന്നു. ദിവസവും തന്നെ തേടിയെത്തുന്ന വ്യവഹാരങ്ങൾക്ക് പിറകിലുണ്ടായിരുന്ന വക്കീൽ സ്ഥാപനങ്ങളും ക്രൂരവും ഹൃദയരഹിതവുമായ സംഗീതവ്യവസായത്തിന്റെ ലോകവും എല്ലാം ചേർന്ന് കെണിയിൽ കുടുക്കിയ ജാക്സൺ ചെയ്യുന്നതെ



ന്തും തെറ്റിദ്ധരിക്കപ്പെട്ട ഒരു കാലമായിരുന്നു തൊണ്ണൂറുകൾ. കൂട്ടത്തിൽ തന്റെ ക്രിയേറ്റീവ് ജീനിയസ് അസ്തമിച്ചുതുടങ്ങുകയും ചെയ്തത് അനിവാര്യമായ ദുരന്തത്തിലേക്കുള്ള പതനത്തിന് ആക്കം കൂട്ടി. ചെന്നായ്ക്കളെപ്പോലെ മാധ്യമലോകം മുഴുവനും ഊണിലും ഉറക്കത്തിലും പിറകെ കൂടിയപ്പോഴും 2004-ൽ കോടതിവളപ്പിനു പുറത്തുനിന്ന് ആർത്തുവിളിച്ചുകൊണ്ടിരുന്നത് കുറ്റം തെളിയുംവരെ നിരപരാധി എന്നല്ല, നിരപരാധിയെന്നു തെളിയുന്നതുവരെ നിരപരാധി (innocent until proved innocent) എന്നായിരുന്നു.

ഇന്ത്യാനാസംസ്ഥാനത്ത് ഗാരിഎന്ന പട്ടണത്തിൽ 1958 ആഗസ്ത് 29ന് ഞെരുക്കങ്ങൾക്കിടയിലേക്കാണ് ജാക്സൺ ഭൂജാതനാവുന്നത്. അച്ഛനും അമ്മയും താനടക്കം ഒമ്പതു കുട്ടികളും രണ്ടുമുറികളിലായിരുന്നു കുത്തിനിറയ്ക്കപ്പെട്ടിരുന്നത്. സ്റ്റീൽ മിൽ ജോലിക്കാരനായിരുന്ന ജോ, കർക്കശക്കാരനായ ഒരു അച്ഛനായിരുന്നു. കുഞ്ഞുമൈക്കിളും മൂത്ത സഹോദരങ്ങളായ ജെർമെയിൻ, മാർലോൺ, ജാക്കി, ടിറ്റോ എന്നിവരും ചേർന്നതായിരുന്നു ജാക്സൺ 5 എന്ന ബാൻഡ്. അനിയൻ റാൻഡി പിന്നീടാണ് ഒപ്പം ചേരുന്നത്. റെബ്ബി, ലാ ടോയ, ജാനെറ്റ് എന്നീ സഹോദരിമാരും പിന്നീട് സ്വന്തം നിലയ്ക്കുതന്നെ പാട്ടുകാരായി, പ്രശസ്തരുമായി. കൂട്ടത്തിലേറ്റവും നാണംകുണുങ്ങിയായിരുന്നെങ്കിലും വൈകാതെതന്നെ മുഖ്യഗായകനും ഡാൻസറും ആയ മൈക്കിളിന് ബാൻഡിനെ നയിക്കേണ്ട ഉത്തരവാദിത്തവും വന്നുചേർന്നു. അവർക്ക് പാടാനുള്ള അവസരങ്ങൾ മിക്കവാറും ആ കൊച്ചുപട്ടണത്തിലെ നിശാക്ലബ്ബുകൾ മാത്രമായിരുന്നു. യഹോവാസാക്ഷികളായി വളർത്തപ്പെട്ട ആ സഹോദരങ്ങൾക്ക് പരിപാടികളില്ലാത്ത ദിവസങ്ങളിൽ രാവേറെച്ചെല്ലുന്ന റിഹേഴ്സലുകളും കൂടിയായപ്പോൾ, സുഹൃത്തുക്കളെ കാണാൻപോലും അനുവാദമില്ലാതായിരുന്നു. സർക്കസ്സിലെ വളർത്തുമൃഗങ്ങളായിരുന്നു അവർ. ഭീഷണിപ്പെടുത്തുകയും ശാരീരികമായി മർദിക്കുകയും ചെയ്യുമായിരുന്ന അച്ഛനെ കാണുമ്പോഴേ ഞാൻ അവശനാവുമായിരുന്നെന്ന് ജാക്സൺ പറഞ്ഞിട്ടുണ്ട്. അവനെ ഞാൻ അടിക്കാറൊന്നുമില്ലായിരുന്നു. ബെൽറ്റ് ഊരിവീശുകമാത്രമേ ചെയ്തിട്ടുള്ളൂവെന്ന് ജോ. മൈക്കിൾ ജാക്സന്റെ മരണപത്രത്തിൽ അച്ഛനെ പരാമർശിക്കുകകൂടി ചെയ്തിട്ടില്ലെന്ന് ഓർമിക്കുക. 9 മക്കളെ പോറ്റിയ സർവംസഹയായ അമ്മയെ ജാക്സൺ മറന്നതുമില്ല.

വഴിത്തിരിവായത് ജാക്സണ് 10 വയസ്സായപ്പോൾ 1968-ൽ 'മോടൗൺ റിക്കോർഡ്സ്' എന്ന മ്യൂസിക് കമ്പനിയുടെ ശ്രദ്ധ ജാക്സൺ 5-ന്റെ മേൽ പതിഞ്ഞതാണ്. 1969-ലിറങ്ങിയ മോടൗണിന്റെ I want you back എന്ന ആദ്യ ജാക്സൺ 5 ആൽബം ആ വർഷം അമേരിക്കയിൽ ഒന്നാമത്തേതായിരുന്നു. കൊച്ചുപെൺകുട്ടികളുടെയിടയിൽ ആ ആൽബം ഒരു ഹരമായി മാറിയതോടെ മൈക്കിൾ ജാക്സൺ എന്ന പതിനൊന്നുകാരന് ബാല്യം തീർത്തും നഷ്ടപ്പെട്ടു. തിരിച്ചറിയപ്പെടാതെ തെരുവിൽക്കൂടി നടക്കുക എന്നതുപോലും അസാധ്യമായി, എന്നെന്നേക്കുമായി. 1969-നും 1975-നും മധ്യേ ജാക്സൺ ഗ്രൂപ്പിന്റേതായി 13 ആൽബങ്ങളാണ് മോടൗണിലൂടെ മാത്രം ഇറങ്ങിയത്. ലീഡ് ഗായകൻ എന്ന നിലയിൽ റിഹേഴ്സലുകളും റിക്കോർഡിങ്ങുകളും യാത്രകളുമായി ഏറ്റവും സമ്മർദം സ്വാഭാവികമായും മൈക്കിൾ ജാക്സണ് തന്നെയായിരുന്നു. സ്റ്റുഡിയോ ജനലുകളിലൂടെ തെരുവിൽകളിക്കുന്ന കുട്ടികളെ നോക്കി സ്വന്തം ഏകാന്തതയോർത്ത് മൈക്കിളിന് തേങ്ങാൻ മാത്രമേ കഴിയുമായിരുന്നുള്ളൂ. ഇക്കാലത്തുതന്നെ മൈക്കിൾ ജാക്സന്റെ സോളോകളും ഇറങ്ങിത്തുടങ്ങിയെങ്കിലും മോടൗൺ കമ്പനിയിൽനിന്നും അച്ഛനിൽനിന്നും മോചിതനായി സ്വന്തം ജീനിയസ് പറന്നുയർന്നത് 1978 മുതൽക്കുള്ള ദശകത്തിലാണ്. 1979-ൽ Off the wallഉം 1982-ൽ Thriller-ഉം മൈക്കിൾ ജാക്സൺ എന്ന പക്ഷിയെ വിശ്വവിഹായസ്സിലേക്ക് പറത്തിവിട്ടു. പതിനാലുകാരൻ പയ്യൻ നേരെ സൂപ്പർസ്റ്റാറായി. 37 ആഴ്ചതുടർച്ചയായി അമേരിക്കയിൽ ഒന്നാംസ്ഥാനത്തുനിന്ന, 8 ഗ്രാമി അവാർഡുകൾ വാരിക്കൂട്ടിയ, 50 ദശലക്ഷത്തിലേറെ കോപ്പികൾ വിറ്റുപോയ ത്രില്ലർ ഇന്നും നിത്യസംഗീതവിസ്മയമായിത്തുടരുന്നു.

**സ്വന്തം സൃഷ്ടിപരത ദിവസേന ചോർന്നുപോയിക്കൊണ്ടിരിക്കേ, സ്വന്തം ഡ്യൂപ്പും പാരഡിയുമായി മാറുക എന്ന അനിവാര്യദുരന്തമേ മൈക്കിൾ ജാക്സൺ എന്ന പഞ്ചഭൂതാത്മക ശരീരത്തിനും സംഭവിച്ചിട്ടുള്ളൂ.**



പോൾ മക്കാർട്ട്നിയോടൊത്ത് ഒരു duet പാടിയ ജാക്സൺ അതോടെ മുതിർന്നവർക്കും പ്രിയങ്കരനായി. 1960-ലെ ബീറ്റിൽസിന്റെ പാട്ടുകൾ മുഴുവനും 1985-ൽ ജാക്സൺ വിലയ്ക്ക് വാങ്ങുന്നതുവരെ നീണ്ടുനിന്നു മക്കാർട്നിയുമായുള്ള സൗഹൃദം.

തൊണ്ണൂറുകളിൽ നാം കണ്ടത് ജാക്സന്റെ നിഴലിനെ മാത്രമായിരുന്നു. ഒരിക്കലും സാക്ഷാത്കരിക്കപ്പെടാത്ത പ്രൊജക്ടുകളുമായി പണം വാരിയെറിഞ്ഞ് ജാക്സൺ അലഞ്ഞു. ജാക്സന്റെ നിറവും കോലവും മാറിവന്നു. കറുത്ത ജാക്സൺ വെളുക്കുകയല്ലായിരുന്നു. കടലാസ്സുപോലെ വിളറുകയായിരുന്നു. Viteligo ആണെന്നു തെളിവുസഹിതം പറഞ്ഞിട്ടും, അല്ല ജാക്സൺ സ്വന്തം തൊലി ബ്ലീച്ച് ചെയ്യുകയായിരുന്നെന്ന് മാധ്യമങ്ങൾ പ്രചരിപ്പിച്ചു.

എല്ലാ കഥകളും മരണത്തിൽ അവസാനിക്കുന്നു

പക്ഷേ, സംഗീതവും ഡാൻസും കാലത്തിനുള്ളതാണ്. ■